

ഫാ. റ്റിജോ പതാലിൽ M.Sc
ഡയറക്ടർ, ദനഹാലയ പുന്നപ്ര

# സ്മാർട്ട് ജനറേഷൻ ?

മനുഷ്യനെക്കുറിച്ചുള്ള പഠനങ്ങൾ സുഗമമാക്കുവാൻ തലമുറുകളെ അവർ ജീവിച്ച വർഷങ്ങളുടെയും, കാലഘട്ടത്തിന്റെ പ്രത്യേകതകളുടെയും അടിസ്ഥാനത്തിൽ തരംതിരിക്കാറുണ്ട്. ഓരോ നൂറ്റാണ്ടിലും ഇങ്ങനെയുള്ള ശ്രമങ്ങൾ ഉണ്ടായിരുന്നു. 20 -ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ജനിച്ചവരെ മില്ലേനിയൽ എന്നാണ് വിളിച്ചത്. മില്ലേനിയൽ (1980 നും 2000നും ഇടയിൽ ജനിച്ചവർ) ജനറേഷനു ശേഷം വരുന്ന തലമുറയ്ക്ക് പേരുകണ്ടെത്തുവാൻ 2012 ൽ usa today എന്ന മാഗസിൻ ഒരു ഓൺലൈൻ മത്സരം നടത്തുകയുണ്ടായി. ഈ മത്സരത്തിലൂടെ 21 ാം നൂറ്റാണ്ടിലെ ജനിച്ചവർക്ക് കണ്ടെത്തിയ പേര് Z generation എന്നാണ്. 1990 കളുടെ അവസാനം മുതൽ ജനിച്ച കുട്ടികളെയാണ് Z generation എന്നു വിളിക്കപ്പെടുന്നത്. ഈ കാലയളവിൽ ജനിച്ച കുട്ടികൾ 2019 ൽ 7 വയസ്സുമുതൽ 22 വയസുവരെ ആയവരാണ്. കുട്ടികളും കൗമാരക്കാരും, കൗമാരം കഴിഞ്ഞ് പക്വതയിലേയ്ക്ക് പ്രവേശിച്ചവരും ഈ ഗണത്തിൽപെടും. മറ്റെല്ലാ തലമുറകളിൽ നിന്ന് ഈ കുട്ടികളെ വിഭിന്നരാക്കുന്നത് നവമാധ്യമങ്ങളുടെ സ്വാധീനമാണ്. 1990 നു ശേഷമാണ് ഇന്ന് നിലവിലുള്ള നവമാധ്യമങ്ങളിൽ ഭൂരിഭാഗവും രൂപംകൊണ്ടത്. മനുഷ്യന്റെ ദൈനംദിനജീവിതത്തെ ഏറ്റവും സ്വാധീനിക്കുന്ന നവമാധ്യമ പട്ടിക അനന്തമായി നീളുന്നു: ഇന്റർനെറ്റ്, കമ്പ്യൂട്ടർ, സ്മാർട്ട്ഫോൺ, വെബ്സൈറ്റ്, ബ്ലോഗ്, ഓൺലൈൻ ന്യൂസ് പേപ്പർ, യൂ



> കുട്ടികളുടെ ജീവിതത്തിലെ അധ്യാപകരുടെയും മാതാപിതാക്കളുടെയും സ്ഥാനം ഒരു പരിധിവരെ ഡിജിറ്റൽ ലോകം സ്വന്തമാക്കി. ഇന്ന് കുട്ടികളും യുവജനങ്ങളും എല്ലാത്തിനും ഉത്തരം കണ്ടെത്തുന്നത് ഇന്റർനെറ്റിലാണ്.




ട്യൂബ്, ഇമെയിൽ, ഫേസ് ബുക്ക്, ടിറ്റർ, ഇൻസ്റ്റന്റ് മെസൻജർ, ഇൻസ്റ്റഗ്രാം etc. Z generation ലുള്ള കുട്ടികൾ ഇങ്ങനയുള്ള media platformൽ ആണ് ജീവിക്കുന്നത്. ഇവരെ screenagers എന്നു വിളിക്കുന്നതാവും കൂടുതൽ ഉത്തമം.

## പ്രത്യേകതകൾ

മുൻ തലമുറയെ അപേക്ഷിച്ച് ഈ യുഗത്തിൽ കുട്ടികൾ സെൽഫോണിലൂടെയും സാമൂഹികമാധ്യമങ്ങളിലൂടെയും ആണ് ലോകത്തെ പരിചയപ്പെടുന്നത്. കുട്ടികളുടെ ജീവിതത്തിലെ അധ്യാപകരുടെയും മാതാപിതാക്കളുടെയും സ്ഥാനം ഒരു പരിധിവരെ ഡിജിറ്റൽ ലോകം സ്വന്തമാക്കി. ഇന്ന് കുട്ടികളും യുവജനങ്ങളും എല്ലാത്തിനും ഉത്തരം കണ്ടെത്തുന്നത് ഇന്റർനെറ്റിലാണ്. ഇൻർനെറ്റും, സ്മാർട്ട ഫോണുകളും സാമൂഹികമാധ്യമങ്ങളുമില്ലാത്ത ജീവിതത്തെപ്പറ്റി ചിന്തിക്കുവാൻ ഇന്നത്തെ കുട്ടികൾക്കു ബുദ്ധിമുട്ടാണ്. ഇവയുടെ സഹായത്തോടെ ഒരേസമയം പലകാര്യങ്ങൾ ചെയ്യുവാൻ അവർ കഴിവുള്ളവരാണ്. ഒരേ സമയം പാട്ടുകേൾക്കുകയും, ജോലികൾ ചെയ്യുകയും, മറ്റുള്ളവരോടു സംസാരിക്കുകയും ചെയ്യും. മറ്റുള്ളവരിൽ നിന്നു വ്യത്യസ്തരായി ചിന്തിക്കുവാൻ സാധിക്കുന്നവരാണ് ഈ തലമുറ. കുറഞ്ഞ സമയം കൊണ്ട് കൂടുതൽ കാര്യങ്ങൾ ചെയ്യുവാൻ സാധിക്കുന്നു. പുതിയ പുതിയ കാര്യങ്ങൾ ചെയ്യുന്നു. ഇന്ന് കുട്ടികൾക്ക് വിവരങ്ങൾ ലഭിക്കുവാൻ മുതിർന്ന തലമുറയുടെ അവശ്യം ഇല്ല. എല്ലാം വിരൽതുമ്പിൽ ലഭ്യമാണ്. മാനസികമായി അതു ഉൾക്കൊള്ളുവാൻ അവർ എത്രമാത്രം തയ്യാറായിട്ടുണ്ട് എന്നത് ചോദ്യമായി അവശേഷിക്കുന്നു. ഇന്ന് കുട്ടികളുടെ മുമ്പിൽ വലിയസാധ്യതകളാണ് തുറന്നു കിട്ടുക. ഒരു പുസ്തകം എഴുതി പ്രസിദ്ധികരിക്കവാൻ പ്രസാധകരെ ആവശ്യമില്ല. അവർക്കു തന്നെ കാര്യങ്ങൾ പ്രസിദ്ധീകരിക്കാം. പതിനഞ്ചു വർഷം മുമ്പ് കുട്ടികൾ മുറിയിൽ ഇരുന്ന് സിനിമ കാണുകയേയുള്ളായിരുന്നു. ഇന്നത്തെ കുട്ടികൾ സിനിമ നിർമ്മിക്കുന്നവരാണ്. ലോകത്തിലുള്ള പല കാര്യങ്ങളും സെക്കന്റുകൾക്കുള്ളിൽ അവർ അറിയുന്നു.


## സാധ്യതകളും വെല്ലുവിളികളും

1. മാധ്യമങ്ങളിലൂടെ കുട്ടികൾ പരിചയപ്പടുന്നത് വലിയ വ്യക്തിത്വങ്ങളെയാണ്.അവർ തങ്ങളുടെ കഴിവുകളെ തട്ടിച്ചു നോക്കുന്നത് മാധ്യമങ്ങളിലെത്തുന്നവരുമായാണ്. സ്ക്രീനിങ്ങും എഡിറ്റിങ്ങും കഴിഞ്ഞാണ് അവരെ മാധ്യമങ്ങൾ നമ്മുടെ മുന്നിൽ എത്തിക്കുന്നത്. കുട്ടികൾ കാണുന്നത് end product ആണ്. അതുകൊണ്ടുതന്നെ അതിന്റെ പുറകിലുള്ള പരിശ്രമങ്ങൾ കുട്ടികൾ കാണുന്നില്ല. ഇങ്ങനെയുള്ളവരുമായി തട്ടിച്ചു നോക്കുമ്പാൾ തങ്ങളുടെ കഴിവുകളെക്കുറിച്ച് അമിതമായി ദു:ഖിക്കുകയും ചെയ്യുന്നു എന്നതാണ് വാസ്തവം. കഴിവുകൾ ഉണ്ടെങ്കിലും തങ്ങൾ പോരാ എന്ന ചിന്ത കുട്ടികളിൽ ജനിക്കുന്നു. ഇതു തങ്ങളെ ഒന്നിനും കൊള്ളില്ല എന്നുള്ള ചിന്ത വളർത്താൻ കാരണമാകുന്നു. സാമൂഹിക മാധ്യമങ്ങളിൽ വലിയവരായി കാണുന്നവർക്ക് കിട്ടുന്ന പ്രതികരണങ്ങൾ കുട്ടികളെ അതുപോലെയുള്ള പ്രവർത്തികൾ ചെയ്യുവാൻ പ്രേരിപ്പിക്കുന്നു.

2. ഇന്നത്തെ തലമുറ വളരെ പെട്ടെന്ന് വൃദ്ധരാവുന്നരാണ്. കാരണം സ്വയം ആശ്രയിക്കുവാൻ അവർക്കു സാധിക്കുന്നില്ല. കുട്ടികളുടെയും യുവജനങ്ങളുടെയും ഊന്നുവടിയാണ് മാധ്യമങ്ങളും സാങ്കേതിക വിദ്യകളും. പണ്ട് അതിയായ പരിശ്രമം ഉന്നത വിജയം നേടുന്നതിന് ആവശ്യമായിരുന്നു. ഇന്ന് പരിശ്രമം ആവശ്യമില്ല. കുട്ടികൾക്കു കിട്ടുന്ന ഹോം വർക്കുകൾ പോലും internetൽ സംലഭ്യമാണ്. എല്ലാത്തിനും readymade ഉത്തരങ്ങൾ ഉണ്ട്.

3. വളരെനേരം റ്റി. വി. കാണുന്നതും videogame കളിക്കുന്നതും പലതരം ശാരീരിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. അമിതഭാരവും വണ്ണവും കുട്ടികൾക്ക് ഉണ്ടാകുന്നു. വീടിനു പുറത്ത് ഇറങ്ങാനുള്ള അവസരം കുട്ടികൾക്കു നഷ്ടപ്പെടുന്നു. യഥാർത്ഥ ജീവിത പ്രശ്നങ്ങൾ പരിഹരിക്കുവാൻ അവർക്കു സാധിക്കുന്നില്ല. അടുത്തകാലത്തു നടത്തപ്പെട്ട പഠനങ്ങൾ സൂചിപ്പിക്കുന്നത് കുട്ടികൾക്ക് ഉറക്കം വളരെ കുറവാണ് എന്നതാണ്. മനുഷ്യന്റെ ശരിയായ ശാരീരികവും മാനസികവുമായ വളർച്ചയ്ക്ക് ശരിയായ ഉറക്കം ആവശ്യമാണ്. ഇന്നു കുട്ടികളുടെ കിടപ്പുമുറിയിൽ ഒരു ഇലക്ട്രോണിക്ക് ഉപകരണമെങ്കിലും കാണും. ഉറക്ക സമയം ഇന്റർനെറ്റ്, കമ്പ്യൂട്ടർ, സ്മാർട്ട്ഫോൺ എന്നിവ അപഹരിക്കുന്നു. അതുകൂടാതെ കുട്ടികളുടെ ശല്യം കുറയ്ക്കുന്നതിനു വേണ്ടി മാതാപിതാക്കൾ സ്മാർട്ട്ഫോൺ നൽകി കുട്ടികളെ പരിശീലിപ്പിക്കുന്നതുകൊണ്ട് കുട്ടികൾക്കു കളിക്കുന്നതിനും വ്യായാമം ചെയ്യുന്നതിനുമുള്ള അവസരം നഷ്ടപ്പെടുകയും ചെയ്യുന്നു.

4. കുട്ടികൾ വളരെ ശാക്തീകരിക്കപ്പെട്ടവരാണ്, പക്ഷേ അവർക്ക് വിവേകം കുറവാണ് (empowered but no wisdom)എന്ന് നമ്മൾ വായിക്കുന്ന വാർത്തകൾ സൂചിപ്പിക്കുന്നു. google map ഉപയോഗിച്ചു വാഹനം ഓടിക്കുന്നവർ പുഴയിലൂടെ വാഹനം ഓടിക്കുമ്പോഴും technology യിൽ വിശ്വസിച്ചു മുന്നോട്ടു പോകുന്നു. അവർ



> ഇന്ന് കുട്ടികൾക്ക് വിവരങ്ങൾ ലഭിക്കുവാൻ മുതിർന്ന തലമുറയുടെ അവശ്യം ഇല്ല. എല്ലാം വിരൽതുമ്പിൽ ലഭ്യമാണ്. മാനസികമായി അതു ഉൾക്കൊള്ളുവാൻ അവർ എത്രമാത്രം തയ്യാറായിട്ടുണ്ട് എന്നത് ചോദ്യമായി അവശേഷിക്കുന്നു. ഇന്ന് കുട്ടികളുടെ മുമ്പിൽ വലിയ സാധ്യതകളാണ്.



അങ്ങനെ ചെയ്യുന്നത് technology അങ്ങനെ പറയുന്നതുകൊണ്ടാണ്. mobile games ൽ പറയുന്ന കാര്യങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ ശ്രമിക്കുന്നവരും, selfie എടുത്തു അപകടങ്ങൾ ഉണ്ടാക്കുന്നവരും ചിന്താശക്തി ഇല്ലാത്തവരാണ്. technology വളർന്നപ്പോൾ നമുക്കുവേണ്ടി ചിന്തിക്കുന്നത് നാം നിർത്തി വെച്ചു. സാങ്കേതികവിദ്യ common ആയപ്പോൾ നമ്മുടെ കുട്ടികളുടെയും യുവജനങ്ങളുടെയും common sense നഷ്ടപ്പെട്ടു. കുട്ടികൾ മാനസികവും ശാരീരികവുമായി തയ്യാറാകുന്നതിനു മുമ്പേ അവരിലേയ്ക്ക് എല്ലാ വിവരങ്ങളും എത്തുന്നതുമൂലം ഉണ്ടാകുന്ന വിപത്തുകളും നാം മനസ്സിലാക്കേണ്ടതാണ്.

5. സമൂഹത്തിൽ നിന്നും മാതാപിതാക്കളിലും നിന്നും അധ്യാപകരിൽ നിന്നും കൂട്ടുകാരിൽ നിന്നും ആവശ്യത്തിലേറെ ഉത്തേജനം ഇന്ന് കുട്ടികൾക്ക് ലഭിക്കുന്നുണ്ട്.പക്ഷേ കുട്ടികൾ ഒന്നിന്റെയും ഉടമസ്ഥാവകാശം എറ്റെടുക്കുന്നില്ല. (stimulation but no ownership). ഇന്ന് കുട്ടികൾക്ക് എല്ലാം മാതാപിതാക്കൾ ചെയ്തും പറഞ്ഞും കൊടുക്കണം. മാതാപിതാക്കൾ കുട്ടികളുടെ ദൈനംദിന പ്രവർത്തികൾ പ്ലാൻ ചെയ്യുന്നു.അധ്യാപകർ കുട്ടികൾക്ക് എല്ലാം വ്യക്തമായി പറഞ്ഞു കൊടുക്കുന്നു. യൂട്യൂബിൽ വീഡിയോ കാണുന്നവർക്ക് അടുത്തത് എതു വീഡിയോ കാണണമെന്ന് യൂട്യൂബ് തന്നെ പറഞ്ഞുകൊടുക്കുന്നു. ആമസോൺ പോലുള്ള ഓൺ ലൈൻ ഷോപ്പിങ് സൈറ്റുകൾ, ഏതൊക്കെയാണ് കുട്ടികൾക്ക് ഇഷ്ടപ്പെടാവുന്നത് എന്ന് പറഞ്ഞു കൊടുക്കുന്നു. ജോലിയിൽ പ്രവേശിച്ചിരിക്കുന്നവർക്ക് എത്തേണ്ട ടാർജറ്റുകളെക്കുറിച്ച് കമ്പനി പറഞ്ഞുകൊടുക്കുന്നു. സോഷ്യൽ മീഡിയ സൈറ്റുകൾ ഇഷ്ടപ്പെടുന്ന കാര്യങ്ങൾ അവരെ കാണിക്കുന്നു. കുട്ടികൾക്കും യുവജനങ്ങൾക്കും ഒന്നും തെരഞ്ഞെടുക്കുവാനുള്ള അവസരം ഇല്ല. എല്ലാം മറ്റുള്ളവർ അവർക്കു വേണ്ടി തെരഞ്ഞെടുത്തു നൽകുകയാണ്. ഇതു മൂലം നേതൃത്വപരമായ കഴിവുകൾ കുട്ടികൾക്ക് നഷ്ടപ്പെടുന്നു. Z generation, partial disability ഉള്ളവരെക്കൊണ്ട് നിറയുകയാണ്. എല്ലാം prescrip ചെയ്തുകൊടുക്കുന്നതുകൊണ്ട് ബൗദ്ധിക വളർച്ച ശരിയായി നടക്കുന്നില്ല. അതുമൂലം പ്രശ്ന പരിഹാരത്തിനുള്ള കഴിവുകൾ നഷ്ടപ്പെടുന്നു. തിരഞ്ഞെടുപ്പുകൾ സ്വയം നടത്തു




ന്നതുകൊണ്ടു മാത്രമേ പ്രത്യേക ബൗദ്ധിക വളർച്ച നടക്കുകയുള്ളൂ. ഉത്കണ്഼ഠയും ആകുലതയും ഇന്നത്തെ കുട്ടികൾക്ക് കൂടുതലാണ്. തനിക്ക് ഒന്നിനെയും നിയന്ത്രിക്കുവാൻ കഴിവില്ല എന്ന ചിന്താഗതി കുട്ടികളിലും യുവജനങ്ങളിലും ഉണ്ടാകുന്നു. വിധിക്കു കീഴ്പ്പെടുന്നവരായി മാറുന്നു. സ്വന്തം ഭാവിയുടെ ഗതി നിയന്ത്രിക്കുവാൻ അവർക്കു സാധിക്കുന്നില്ല. ഇന്നത്തെ തലമുറയിലെ കുട്ടികൾക്ക് motivations വളരെ കുറവാണ്. ഒന്നും അവരെ inspire ചെയ്യുന്നില്ല. എല്ലാം suggestions നൽകുകയാണ്. വിദ്യാഭ്യാസപരമായി കുട്ടികൾ വളരെ മുൻപന്തിയിൽ എത്തുന്നുണ്ടെങ്കിലും ദൈനംദിന ജീവിതത്തിലെ ബുദ്ധിമുട്ടുകളെ തരണം ചെയ്യുവൻ അവർ കഴിവില്ലാത്തവരായി മാറുകയാണ്.

6. ഇന്ന് കുട്ടികൾക്ക് എല്ലാ ആനുകൂല്യങ്ങളും വേണം. പക്ഷേ ഒന്നിലും ഉത്തരവാദിത്വമില്ല. (privilages without reponsibility)2019 ഫെബ്രുവരിയിൽ റാഫേൽ സാമുവേൽ എന്ന 27 വയസുകാരൻ തന്റെ മാതാപിതാക്കൾക്ക് എതിരെ കോടതിയിൽ കേസുകൊടുക്കുകയുണ്ടായി. തന്റെ സമ്മതമില്ലാതെ തനിക്കു ജന്മം നൽകിയതുകൊണ്ട് ജീവിക്കുവാനുള്ള എല്ലാ ചെലവുകളും മാതാപിതാക്കൾ നൽകണമെന്നായിരുന്നു ആവശ്യം. ഇത് ഇന്നത്തെ തലമുറയുടെ ഒരു നേർകാഴ്ചയാണ്. താമസിക്കുന്നിടത്ത് A/c വേണം, വേഗതയുള്ള internet ഉം technology ഉം വേണം, ധാരാളം പണം വേണം. ഉല്ലസിക്കുവാനുള്ള എല്ലാ അവസരങ്ങളും വേണം. ഇങ്ങനെയൊക്കെ അല്ലെങ്കിൽ എല്ലാം മോശമായി അവർ കരുതുന്നു. ഇന്നത്തെ കുട്ടികളിൽ കണ്ടുവരുന്ന ചില പ്രത്യേകതകളാണ്, ക്ഷമയില്ലായ്മ (impatience), മടി (lazinesss), താരതമ്യപ്പെടുത്തൽ ( comparison), ദുർബലത(fragility), ഉത്തരവാദിത്വമില്ലായമ ( irresponsibility), ദേഷ്യം (anger), നിരാകരണം( disillusionment). ഇങ്ങനെയുള്ള സ്വഭാവങ്ങൾ കുട്ടികൾ കാണിക്കുന്നത് എല്ലാം എന്റെ അവകാശമായി കാണുന്നതുകൊണ്ടാണ്. കിട്ടുന്നതിനെ നന്ദിയോടെ സ്വീകരിക്കുവാൻ ഇന്നത്തെ തലമുറയെ പരിശീലിപ്പിക്കുന്നില്ല.


സ്വന്തം ഭാവിയുടെ ഗതി നിയന്ത്രിക്കുവാൻ അവർക്കു സാധിക്കുന്നില്ല. വിദ്യാഭ്യാസപരമായി കുട്ടികൾ വളരെ മുൻപന്തിയിൽ എത്തുന്നുണ്ടെങ്കിലും ദൈനംദിന ജീവിതത്തിലെ ബുദ്ധിമുട്ടുകളെ തരണം ചെയ്യുവൻ അവർ കഴിവില്ലാത്തവരായി മാറുകയാണ്.


7. കുട്ടികൾക്ക് എല്ലാം അതിന്റെ മാക്സിമത്തിൽ നൽകാൻ മാതാപിതാക്കൾ ശ്രദ്ധിക്കുന്നുണ്ട്. കുട്ടികൾക്ക് പ്രത്യേക പരിശീലകരെ നൽകുന്നു, വൈകുന്നേരം വീട്ടിൽ തന്നെയിരുന്നു കളിക്കാനുള്ള സൗകര്യങ്ങൾ ഒരുക്കുന്നു, സ്കൂളിനു പുറത്ത് പ്രത്യേക ക്ലബുകളിൽ കുട്ടികളെ ചേർക്കുന്നു, പ്ര



സ്മാർട്ട് ജനറേഷൻ ?

ഞാൻ വളരെ സ്പെഷ്യൽ ആണെന്നുള്ള ചിന്തയാണ് കുട്ടികൾക്ക്. തനിക്കുമാത്രം പ്രാധാന്യം നൽകിയുള്ള പ്രവർത്തികൾ അവർ ചെയ്യുന്നു. അതുകൊണ്ടു തന്നെ മറ്റുള്ളവരുമായി ഇടപെടുന്നതിനും സംവദിക്കുന്നതിനും അവർക്കു സാധിക്കുന്നില്ല.

ത്യേക മൊബൈൽ ആപ്ലിക്കേഷനുകൾ download ചെയ്തു നൽകുന്നു. കുട്ടികൾക്ക് ഇന്ന് അതിർത്തികളില്ലാത്ത ഉല്ലാസങ്ങളും ഭക്ഷണരീതികളും ഒക്കെയാണ് ഉള്ളളത്. പുറമേ കാണുന്നതൊക്കെ വേണം എന്നുള്ള ചിന്തയാണ് കുട്ടികൾക്കുള്ളത്. തങ്ങളെത്തന്നെ നിയന്ത്രിക്കുവാൻ കുട്ടികൾക്കു സാധിക്കുന്നില്ല. അതുകൊണ്ടുതന്നെ ഫോൺ, ആൾക്കഹോൾ, പോണോഗ്രഫി, ഇൻസ്റ്റാഗ്രാം, സെൽഫി, എന്നിവയ്ക്ക് അഡിക്റ്റഡ് ആണ്. Z generation മറ്റു തലമുറയിൽ ഉള്ളവരെക്കാളും മാനസിക ശാരീരിക രോഗങ്ങൾ ഉള്ളവരാണ് (they are over diagnosed generation). 2019 ലെ ലോക മാനസികാരോഗ്യ ദിനത്തോടനുബന്ധിച്ച് തെരഞ്ഞെടുത്ത വിഷയം ആത്മഹത്യയോട് ബന്ധപ്പെട്ടതാണ്. ഓരോ 40 സെക്കന്റിലും ഒരാൾ ആത്മഹത്യ ചെയ്യുന്നു എന്നതാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഈ തലമുറയുടെ മാനസിക ആരോഗ്യത്തിന്റെ നേർ കാഴ്ചയാണിത്.

8. ഇന്നത്തെ തലമുറ നാർസിസ്റ്റിക് സംസ്കാരം ഉള്ളവരാണ്. അവനവന്റെ ഗുണങ്ങളിൽ മതിക്കുന്നവരാണ്. മാതാപിതാക്കൾ തങ്ങളുടെ കുട്ടികളെ ഓമന പ്പേരുകൾ നൽകി വിളിക്കുന്നു. ഞാൻ വളരെ സ്പെഷ്യൽ ആണെന്നുള്ള ചിന്തയാണ് കുട്ടികൾക്ക്. തനിക്കുമാത്രം പ്രാധാന്യം നൽകിയുള്ള പ്രവർത്തികൾ അവർ ചെയ്യുന്നു. അതുകൊണ്ടു തന്നെ മറ്റുള്ളവരുമായി ഇടപെടുന്നതിനും സംവദിക്കുന്നതിനും അവർക്കു സാധിക്കുന്നില്ല. എല്ലാം തനിക്കുവേണ്ടി നേടണം എന്ന മൂല്യമാണ് അവരെ നയിക്കുന്നത്.

9. എല്ലാ വിവരങ്ങളിലേയ്ക്കും കയറിപറ്റും. പക്ഷേ ഉത്തരവാദിത്വമില്ലാതെ പ്രവർത്തിക്കുന്നു(accessibility without accountability) എന്നതും Z generation ന്റെ പ്രത്യേകതയാണ്. ഇന്നത്തെ കുട്ടികൾക്ക് computer യുഗത്തിൽ അനന്തമായ സാധ്യതകളാണ് ഉള്ളത്. അവർ അതിർത്തികളില്ലാതെ media content കൾ ഉപയോഗിക്കുന്നു.സ്ഥിരമായി pornographic content കൾ കാണുന്നതുവഴി ജീവിതത്തിന്റെ ദൈനംദിന വ്യാപരങ്ങളിൽ അവ യാഥാർത്ഥ്യമാക്കുവാൻ ശ്രമിക്കുന്നു. Z Generation കുട്ടികൾ സ്വകാര്യത കൂടുതൽ അനുഭവിക്കുന്നവരായതുകൊണ്ട് ചെയ്യുന്ന കാര്യങ്ങളുടെ പ്രത്യാഘാതങ്ങൾ മനസ്സിലാക്കാതെ പ്രവർത്തിക്കുന്നു. ഇത് ചിന്തയും ഭാവനയും മലിനമാക്കുവാൻ കാരണമാകുന്നു. സ്വഭാവത്തിൽ അതു വൈകൃതങ്ങൾ സൃഷ്ടിക്കുന്നു. ചുരുക്കത്തിൽ ധാർമ്മികതയും മനസാക്ഷിയും നഷ്ടപ്പെടുന്ന ഒരു തലമുറയാണ് ഇന്നുള്ളത്

10. താൻ ആരാണ് എന്ന് ചോദ്യത്തിന് വ്യക്തമായ ഉത്തരം കണ്ടെത്തുന്നത് ഡിജിറ്റൽ ലോകത്താണ്. ഇന്ന് updates

കളുടെയും, breaking news കളുടെയും, സ്ക്രീമിംങ്ങുകളുടെയും കാലമാണല്ലോ. അതിവേഗം മാറികൊണ്ടിരിക്കുന്ന ഡിജിറ്റൽ ലോകത്തുനിന്നു തള്ളപ്പെടാതിരിക്കുവാനും ശ്രദ്ധിക്കപ്പെടാനും ആഗ്രഹിക്കുന്നവരാണ് യുവാക്കളും കുട്ടികളും. പുറമേ ഉണ്ടാകുന്ന മാറ്റങ്ങൾ അവരുടെ ഉള്ളിലേയ്ക്കും പതുക്കെ പ്രവേശിച്ച് ഒരു ഭാവനാലോകം സൃഷ്ടിച്ചെടുക്കുന്നു. ഏതു പാത്രത്തിന്റെയും രൂപങ്ങൾക്ക് അനുസരിച്ച് മാറുന്ന വെള്ളം പോലെയാണ് ഇന്നത്തെ കുട്ടികൾ. അവർക്കു വ്യക്തമായ identity ഇല്ല. ഓരോ പാത്രത്തിലും ഓരോ രൂപമാണ്. ഓരോ സാമൂഹികമാധ്യമങ്ങൾക്കനുസരിച്ച് കുട്ടികളുടെ identity യിൽ മാറ്റങ്ങളുണ്ടാകുന്നു. ഇതെല്ലാം കുട്ടികളിൽ ആകുലതയും ഉത്കണ്ഠയും സൃഷ്ടിക്കുന്നതാണ്.

## ഉപസംഹാരം

ഈ തലമുറയിലെ കുട്ടികളാണ് ഏറ്റവും ആകുലത അനുഭവിക്കുന്നവർ. Z generation ലെ കുട്ടികൾ മഞ്ഞുകട്ടപോലെയാണ്. പലകാര്യങ്ങളിലും അവർ ദുർബലരാണ്. ആധുനിക സാങ്കേതിക വിദ്യകൾ വളരെ സാമാർട്ട് ആണെങ്കിലും അവർ അത്ര സ്മാർട്ട് അല്ല. ഒരു ചിന്തയും ഇല്ലാതെ ഉപഭോഗം നടത്തുന്നവരാണ്. ബുദ്ധിയെക്കാളും വികാരങ്ങളാണ് ഇന്ന് എല്ലാവരെയും നിയന്ത്രിക്കുന്നത്. അതുകൊണ്ടുതന്നെ ഈ കാലഘട്ടത്തിന്റെയും കുട്ടികളുടെയും പ്രത്യേകതകൾ മനസ്സിലാക്കി അവരെ സഹായിക്കേണ്ടതുണ്ട്.

# "ഭൂമി നമ്മുടെ അമ്മ" -ഫ്രാൻസിസ് പാപ്പാ

ബ്രദർ ഷെറിൻ കുറശ്ശേരി




## "NOSTRA MADRE TERRA"

മനുഷ്യന് ദൈവം വസിക്കാൻ കൊടുത്ത പൊതുഭവനമാണ് ഈ ഭൂമി. അസ്സീസ്സിയിലെ വി. ഫ്രാൻസിസിന്റെ ജീവിതചൈതന്യം ഉൾക്കൊണ്ടുകൊണ്ട് ഈ പൊതുഭവനം സംരക്ഷിക്കാൻ തികച്ചും പ്രായോഗികവും ലളിതവുമായ പ്രബോധനങ്ങൾ നല്കുന്ന ഫ്രാൻസിസ് പാപ്പായുടെ പുസ്തകമാണ് 'ഭൂമി നമ്മുടെ അമ്മ'.

മനുഷ്യന്റെ സ്നേഹരാഹിത്യമാണ് സമൂഹത്തിലും പ്രകൃതിയിലും നടക്കുന്ന തിന്മകളുടെ കാരണം. മനുഷ്യന് മനുഷ്യനോടും പ്രകൃതിയോടും സ്നേഹമില്ലാതാകുമ്പോഴാണ് യഥാർത്ഥ നശീകരണം ആരംഭിക്കുന്നത്. മാനസികവും പാരിസ്ഥിതികവുമായ അസന്തുലിതാവസ്ഥയാണ് ഇതിന്റെ പരിണിതഫലം. ഇന്നിന്റെ സാമൂഹിക തിന്മകളെ അക്കമിട്ട് നിരത്തുന്ന പാപ്പാ സമൂഹത്തിന് ആവശ്യമില്ലാത്തവരെ വലിച്ചെറിയുന്ന ''വെയിസ്റ്റ് കൾച്ചറി''നെയും അപലപിക്കുന്നു. പ്രകൃതിയുടെ നാശം പടിവാതിൽക്കലെത്തിയിട്ടും ഒരു പറ്റം മനുഷ്യർ ഇന്നും ഇതിനോടൊക്കെ നിസംഗതയോടെ മുഖം തിരിച്ച് നില്ക്കുന്നതാണ് ഏറ്റവും വേദനാജനകം. ഭൂമിയുടെ കാര്യസ്ഥന്മാരായ മനുഷ്യരോട് തങ്ങളെ കാത്തുസൂക്ഷിക്കാനേൽപ്പിച്ച ഭൂമിയോട് ഇന്നോളം ചെയ്തുപോയിട്ടുള്ള എല്ലാ തെറ്റുകളെയും പ്രതി ആത്മാർത്ഥമായി അനുതപിക്കാൻ പാപ്പാ ആഗ്രഹിക്കുകയും അഭ്യർത്ഥിക്കുകയും ചെയ്യുന്നു. കാരണം ഈ നൂറ്റാണ്ടിന്റെ തത്വശാസ്ത്രം എന്തിനെയും വിഭജിക്കാനും ഒറ്റപ്പെടുത്താനുമാണ് ഒരുവനോട് ആവശ്യപ്പെടുന്നത്. ഈ യുക്തിയിൽ നിന്നും അനുതപിക്കാനും പ്രകൃതിയോട് അനുരഞ്ജനപ്പെടാനുമാണ് പാപ്പാ ആവശ്യപ്പെടുന്നത്. അങ്ങനെയെങ്കിൽ മാത്രമേ ദൈവം ദാനമായി തന്ന ഈ പ്രകൃതിയെ അടുത്ത തലമുറയ്ക്ക് ഒരു സമ്മാനമായി നല്കാൻ നമുക്ക് സാധിക്കുകയുള്ളൂ.